ഉണ്ടായിരുന്നു. ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ ഇത് ചോദ്യം ചെയ്യുകയും തുടർന്ന് കോടതി അത് സാധു അല്ലെന്ന് വിധിക്കുകയും ആ വിധിന്യായം ഗവൺമെൻറ് പരിഗണിക്കുകയും ചെയ്തു. ആ വിധി ന്യായത്തിൻെറ അടിസ്ഥാനത്തിൽ എക്സൈസ് കമ്മീഷണർക്ക് ഉണ്ടായിരുന്ന പ്രത്യേക അധികാരം 1—4—1986 മുതൽ എടുത്തു കളയുകയും ചെയ്തു. മദ്യനിരോധന സമിതിയുടെ സമ്മർദ്ദത്തിനു വഴങ്ങിയല്ല ഗവൺമെൻറ് ഈ മാറ്റം ചെയ്തത്. ഇപ്പോഴത്തെ വ്യവസ്ഥകൾ പാലിക്കുമ്പോൾ ചില ബുദ്ധിമുട്ടുകൾ പ്രായോഗികമായി ഉണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത് ശരിയാണ്. അതിനെ സംബന്ധിച്ചുള്ള മെമ്മോറാണ്ടങ്ങളൊക്കെ ഗവൺമെൻറ് പരിഗണിച്ചു. ദൂരം അളക്കുന്നതിനെ സംബന്ധിച്ച്. ഗവൺമെൻറിൻെറയും ആക്ടിലെയും നയം door to door എന്ന നിലയിൽ ഏറ്റവും ഷോർട്ട് ആയിട്ടുള്ള അക്സസ്സിബിൾ റോളായിരുന്നു. അതിനെ സംബന്ധിച്ച് കേരളാ ഹൈക്കോടതിയിൽ ഒരു വിധിയുണ്ടായതിനെത്തുടർന്ന് ഈ കാര്യത്തിൽ അങ്ങനെ ചെയ്യേണ്ടിവന്നതാണ്. ഇതിനെ സംബന്ധിച്ച് ഒരു കേസ് സുപ്രീം കോടതിയിൽ വരെ ചോദ്യം ചെയ്തു കിടപ്പുണ്ട്. കോടതിയുടെ വിധിയിൽ എന്തു ചെയ്യാൻ ഒക്കും എന്നുള്ളത് ഗവൺമെൻറ് പരിശോധിച്ച് നടപടികൾ എടുത്തു വരികയാണ്. പ്രയാസങ്ങളെല്ലാം സൂക്ഷ്മമായി പരിശോധിച്ച് സാദ്ധ്യമായ നടപടികൾ മെമ്മോറാണ്ടത്തിൻെറയും തൊഴിലാളികളുടെ ഡിമാൻറിൻെറയും അടിസ്ഥാനത്തിൽ എടുക്കുന്നതാണ്.

ശ്രീ. കെ. പി. പ്രഭാകരൻ: 400 മീറ്റർ ദൂര പരിധി ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ പരിഗണിച്ച് ഉണ്ടാക്കിയതാണെന്ന് മന്ത്രി ഇവിടെ പറഞ്ഞു. അങ്ങനെ എക്സംപ്ഷൻെറ കാര്യം എടുത്തു കളയാനൊന്നും ഹൈക്കോടതി പറഞ്ഞില്ല. നേരെ മറിച്ച് ഞാൻ ഇവിടെ സൂചിപ്പിച്ചതുപോലെ 1972—നു ശേഷം കൂടുതൽ സ്കൂളുകളും ദേവാലയങ്ങളുമൊക്കെ വന്നതിൻെറ ഫലമായി ഭൂരിപക്ഷം ഷോപ്പുകളും ദൂര പരിധിയ്ക്കകത്തായി. അങ്ങനെ 50 ശതമാനത്തിലധികം ഷോപ്പുകൾക്കും എക്സംപ്ഷൻ കൊടുക്കുന്നത് ശരിയല്ലെന്ന് ഹൈക്കോടതി പറഞ്ഞത് ശരിയാണ്. ആത് പ്രായോഗികമായി നിയമത്തിൽ ഭേദഗതി വരുത്തുകയാണ് വേണ്ടത്. തലവേദന വന്നാൽ തല വെട്ടുകയല്ല വേണ്ടത്. ആ വിധത്തിൽ 1972—ലെ പരിധിക്ക് ആവശ്യമായ ഭേദഗതി വരുത്താൻ ഗവൺമെൻറിന് എന്താണ് തടസ്സം?

ശ്രീ. കെ. ശിവദാസൻ: ഞാൻ പറഞ്ഞത്, മദ്യനിരോധന സമിതിയുടെ സമ്മർദ്ദത്തിനു വഴങ്ങി ഒരു മാറ്റം വരുത്തിയെന്നു പറഞ്ഞത് ശരിയല്ല, ഹൈക്കോടതി വിധിപരിഗണിച്ച് അത് മാനിക്കുന്നതിനു വേണ്ടി ഗവൺമെൻറ് എടുത്ത തീരുമാനത്തിൻെറ ഫലമായിട്ടാണ് ഇങ്ങനെ സംഭവിച്ചത്. എതായാലും ഇതിൽ പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത് ശരിയാണ്. ഈ എല്ലാ അഭിപ്രായങ്ങളും പരിഗണിച്ച് സാദ്ധ്യമായ നടപടികൾ എടുക്കുന്നതാണ്.

(2) കുമരകം—വെച്ചൂർ റോഡിൻെറ ശോചനീയാവസ്ഥ

ശ്രീ. ഇ. ജെ. ലൂക്കോസ്: സർ, ടൂറിസ്റ്റ് കേന്ദ്രമായ കുമരകത്തിലേക്ക് എത്തിച്ചേരത്തക്ക വിധത്തിൽ കോട്ടയത്തുനിന്നും എറണാകുളത്തുനിന്നും എത്തിച്ചേരുന്ന കുമരകം—വെച്ചൂർ റോഡിൻെറ ശോചനീയ

LIBRARY ARCHIVES Kerala Legislative Assembly

മായ അവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി ഞാൻ ബഹുമാനപ്പെട്ട ഉപ മുഖ്യമന്ത്രിയുടെ ശ്രദ്ധക്ഷണിക്കുകയാണ്. കോട്ടയം, ഏറ്റുമാനൂർ, വൈക്കം എന്നീ 3 നിയോജകമണ്ഡലത്തെ ബന്ധിക്കുന്നതും അതുപോലെ കോട്ടയത്തുനിന്ന് വൈക്കത്തേക്കുള്ള ദൂരം 15 കിലോമീറ്റർ ലാഭിക്കത്തക്ക വിധത്തിലുള്ളതുമായ ഒരു റോഡാണ് ഇന്ന് അവശേഷിക്കുന്ന കുമരകം–വെച്ചൂർ റോഡ്. കുമാരി പി.കെ. ത്രേസ്യ ചീഫ് എഞ്ചിനീയറായിരുന്ന കാലഘട്ടത്തിൽ പള്ളാത്ത കൺസ്ട്രക്ഷൻസ് അവരുടെ ചുമതലയിൽ വളരെ വേഗത്തിൽ പണി കഴിപ്പിച്ച ഒരു റോഡാണ് കുമരകം–വെച്ചൂർ റോഡ്. ആ റോഡിൽ കവിണാർ, പെണ്ണാർ, കൈപ്പുഴ തുടങ്ങിയ മൂന്നു ആറുകളിലും പാലങ്ങൾ തീർക്കേണ്ടിയിരിക്കുന്നു. ഇന്ന് വെച്ചൂരിലേക്ക് പോകുമ്പോൾ കൽച്ചിറ പാലം തീർന്നിരിക്കുന്നു. ഈ 3 പാലങ്ങൾ തീർക്കേണ്ടതിൽ കൈപ്പുഴയാറിനെ സംബന്ധിച്ചിടത്തോളം ചെറിയ പാലം തീർത്താൽ മതി. നമ്മുടെ സംസ്ഥാനത്ത് കുമരകം ടൂറിസ്റ്റ് കേന്ദ്രത്തിനുള്ള സ്ഥലം വിദേശീയനായ കരീം സാഹിബ് നൽകിയത് ഇന്ന് അത് ഏറ്റവും അനാഥമായ രീതിയിൽ സംരക്ഷിക്കപ്പെടുന്നുവെന്നുള്ളത് അവിടെ ചെല്ലുന്നവർക്ക് കാണാൻ സാധിക്കുന്നതാണ്. അടുത്തകാലത്ത് മലയാള മനോരമ പത്രത്തിൽ അതിന്റെ ദയനീയസ്ഥിതിയെപ്പറ്റി സൂചിപ്പിച്ചിട്ടുണ്ടായിരുന്നു. നമ്മുടെ വിദേശ സഞ്ചാരികളും അവിടെ വന്നു കഴിഞ്ഞാൽ നാട്ടുകാരായാലും വിദേശികളായാലും കള്ളും കരിമീനും കൊടുത്ത് ആളുകളെ സന്തോഷിപ്പിക്കാനും ബോട്ടിൽ സഞ്ചരിപ്പിക്കാനും സൗകര്യമുണ്ട്. ഇന്ന് 3 പാലങ്ങൾ നിർമ്മിക്കേണ്ടതുണ്ട്. വെണ്ണാറിൽ നല്ലൊരു പാലം ഉണ്ടായി കാണണമെന്നാണ് അവിടത്തെ ആളുകളുടെ ആഗ്രഹം. അവിടെ ഈ അടുത്ത നാളിൽ പഞ്ചവടി സിനിമക്കുവേണ്ടി മനോഹരമായി മാവിൻ പലക കൊണ്ട് ഒരു പാലം ഉണ്ടാക്കി. അതെങ്കിലും കാണാൻ സാധിച്ചല്ലോ എന്നാണ് അവിടെയുള്ള ആളുകൾ കരുതുന്നത്. എന്തായാലും ഇന്ന് കേരളാ ഗവൺമെന്റിൽ നിന്ന് അവിടെ ജെട്ടിയും ഗംഗാറും പണി കഴിക്കുന്നതിനുവേണ്ടിയുള്ള അനുവാദം നൽകി അതിനുവേണ്ടി പണികൾ നടക്കുന്നുണ്ട്. ഈ ജെട്ടിയും ഗംഗാറും പൂർത്തിയാകുന്നതോടൊപ്പം തന്നെ അവിടെ സ്ഥിരമായ പാലങ്ങൾ നിർമ്മിക്കുകയും ചെയ്യണം. ഇന്ന് വെണ്ണാർ മുതൽ കൈപ്പുഴയാർ വരെ അവശേഷിക്കുന്ന ഭാഗങ്ങളിൽ റോഡു പൊക്കിയിട്ടുള്ള ഭാഗത്ത് മെറ്റലും ടാറും ചെയ്തു സംരക്ഷിക്കുകയാണെങ്കിൽ കോട്ടയത്തുനിന്ന് വൈക്കത്തേക്ക് 15 കിലോമീറ്റർ ലാഭിക്കാൻ കഴിയും. പിന്നെ എറണാകുളത്തുനിന്ന് തേക്കടിയിലേക്കും മറ്റു പ്രദേശങ്ങളിലേക്കും പോകുന്ന ടൂറിസ്റ്റുകളെ സംരക്ഷിക്കാനും സാധിക്കും. അങ്ങനെ കുമരകത്തെ ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കി വികസിപ്പിക്കുന്നതിനുതകുന്ന ഈ നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും വേഗം നടപ്പിലാക്കുന്നതിന് ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രി വേണ്ട നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഈ റോഡിൽ കുമരകം മുതൽ കവിണാർ വരെയുള്ള ഭാഗത്ത് പണി പൂർണ്ണമായും പൂർത്തിയായിട്ടുണ്ട്. കവിണാർ മുതൽ കൈപ്പുഴ വരെയുള്ള റോഡ് 1977–ൽ അറേഞ്ച് ചെയ്തു. അതിന്റെ കുറെ പണികൾ ചെയ്തതിനുശേഷം കോൺട്രാക്ടർ ഇട്ടിട്ടു പോയി. മറ്റൊരു കരാറുകാരനെ ഏൽപ്പിക്കാനുള്ള നടപടി നടന്നു വരികയാണ്. അതിന്റെ ബാക്കിയുള്ള പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ നിർദ്ദേശം നൽകി കഴിഞ്ഞിട്ടുണ്ട്. കൈപ്പുഴ മുതൽ കൽച്ചിറ വരെയുള്ള റോഡ് എം. എൽ. എ. റോഡിൽ ഉൾപ്പെടുത്തി അതിന്റെ വർക്ക്

LIBRARY ARCHIVES Kerala Legislative Assembly

അറേഞ്ചു ചെയ്തുകഴിഞ്ഞിട്ടുണ്ട്. കവിണാർ മുതൽ കൽച്ചിറ വരെയുള്ള ഭാഗത്തിന്റെ പണി പൂർത്തിയായാൽ കുഴരകം മുതൽ വെച്ചൂർ വരെയുള്ള മുഴുവൻ ഭാഗവും ഗതാഗതയോഗ്യമാകും. ഈ 3 കടത്തുകളിലും ജംഗാർ സർവ്വീസ്സും കടത്തുവള്ളവും ഗവൺമെൻറ് അനുവദിച്ചിട്ടുണ്ട്. ഈ മൂന്നു പാലത്തിലും, കൈപ്പുഴക്ക് കുറുകെയുള്ള പാലം, വെണ്ണാർ തോടിന് കുറുകെയുള്ള പാലം, കവിണാർ തോടിന് കുറുകെയുള്ള പാലം തുടങ്ങിയ ഓരോ പാലത്തിനും യഥാക്രമം 40 ലക്ഷം രൂപ, 70 ലക്ഷം രൂപ, 40 ലക്ഷം രൂപ ഇങ്ങനെ 150 ലക്ഷം രൂപ ഇപ്പോൾ എസ്റ്റിമേറ്റ് പ്രകാരം വേണം. ഇൻവെസ്റ്റിഗേഷൻ നടത്തിക്കൊണ്ടിരിക്കുകയാണ്. അതുകഴിഞ്ഞ് ഡിസൈൻ തയ്യാറാക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ശരിയായ എസ്റ്റിമേറ്റ് ലഭിച്ചുകഴിഞ്ഞതിനുശേഷം ബാക്കിയുള്ള കാര്യങ്ങൾ ആലോചിക്കുന്നതാണ്.

ശ്രീ. ഇ. ജെ. ലൂക്കോസ്: കവിണാർ മുതൽ വെണ്ണാർ വരെ ആ റോഡിന്റെ ഭാഗം മാത്രമാണെങ്കിലും മെറ്റലുചെയ്ത് ടാറു ചെയ്യാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: എല്ലാ നടപടിയും സ്വീകരിച്ചിട്ടുണ്ട്. ആദ്യം ഒരു കരാറുകാരൻ ഇട്ടിട്ടുപോയി. രണ്ടാമത് മറ്റൊരു കരാറുകാരനെ ഏൽപ്പിക്കാനുള്ള ശേഷിച്ച പണിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്.

III. സബ്മിഷൻ

(1) തിരുവനന്തപുരത്ത് അഭിഭാഷകരുടെ നേർക്കുണ്ടായ പോലീസ് അതിക്രമം

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, തിരുവനന്തപുരത്തെ രണ്ടു അഭിഭാഷകൻമാരുടെ നേരെ മിനിഞ്ഞാന്നുണ്ടായ പോലീസ് കൈയ്യേറ്റത്തെ സംബന്ധിച്ച് ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഉദ്ദേശിക്കുന്നത്. അഭിഭാഷകൻമാർ എന്നു പറയുന്ന വിഭാഗം പ്രത്യേകിച്ചും പോലീസ്സുമായി സഹകരിച്ച് കേസ് നടത്തേണ്ടവരാണ്. അവർക്ക് എതിരായി കള്ളക്കേസ് ഉണ്ടാക്കുന്നതും അവരെ ലോക്കപ്പിൽ കൊണ്ടുപോയി മർദ്ദനം നടത്തുന്നതും അങ്ങേയറ്റം പൈശാചികവും നിന്ദ്യവുമാണ്. മാത്രവുമല്ല ഇതിൽ പ്രതിഷേധിച്ച് ഏതാണ്ട് 10–300–ഓളം അഭിഭാഷകർ യൂണിഫാം ധരിച്ച് തിരുവനന്തപുരം സെക്രട്ടറിയേറ്റിനു മുമ്പിലും, കൺസേറാൺമെൻറ് പോലീസ് സ്റ്റേഷന്റെ മുമ്പിലും പ്രകടനം നടത്തുകയുണ്ടായി. അവരെ കാണുന്നതിനും സംസാരിക്കുന്നതിനും എനിക്ക് അവസരമുണ്ടായി. എനിക്ക് കിട്ടിയ വിവരം അനുസരിച്ച് ഈ മർദ്ദനത്തിനും അക്രമനടപടിക്കും ഉത്തരവാദിയായ പോലീസ് ഉദ്യോഗസ്ഥൻ ഇതിനുമുൻപ് പത്രപ്രവർത്തകർക്ക് എതിരായി ഇതുപോലെ ചില അതിക്രമങ്ങൾ എടുത്തയാളാണ്. ഫോട്ടോഗ്രാഫറെ തല്ലുക, മറ്റു പത്രപ്രവർത്തകർക്കു നേരെ ഭീഷണി മുഴക്കുക ഇതൊക്കെ ചെയ്തതിനെ തുടർന്ന് റവന്യൂ മെമ്പർ ഒരു അന്വേഷണം നടത്തി. അന്വേഷണത്തിന്റെ ഫലമായി പ്രസ്തുത ഉദ്യോഗസ്ഥനെ സ്ഥലം മാറ്റുകയും

LIBRARY ARCHIVES Kerala Legislative Assembly